ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാരിന്റെ പ്രവർത്തനം സംബന്ധിച്ച് മലയാളത്തിൽ 210 പ്രചാരണ പുസ്തകങ്ങളും ഇംഗ്ലീഷിൽ 50 പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ കേരളത്തിലെ ജില്ലാ ഇൻഫർമേഷൻ ആഫീസുകളിലേയ്ക്കാണ് അയച്ചിട്ടുള്ളത്. കൂടാതെ ന്യൂഡൽഹി കേരള ഹൗസിൽ പ്രവർത്തിക്കുന്ന ഇൻഫർമേഷൻ സെന്ററിലേക്കും പ്രസിദ്ധീകരണങ്ങൾ അയച്ചിട്ടുണ്ട്. പ്രസിദ്ധീകരണങ്ങൾ അയക്കുന്നതിനായി ഇതുവരെ 10.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണങ്ങൾ സാധാരണയായി സർക്കാർ പ്രസ്സിലും അർദ്ധ സർക്കാർ പ്രസ്സുകളിലുമാണ് അച്ചടിക്കുന്നത്. അതിനാൽ ഇതിലേക്കാവശ്യമായ കടലാസിന്റെ കണക്കുകൾ പ്രത്യേകം കണക്കാക്കിയിട്ടില്ല.

(ഡി) ബാധകമല്ല.

39(44) എക്സ്-സർവീസുകാർക്ക് പെൻഷൻ വർദ്ധനവ്

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എക്സ് സർവീസുകാർക്ക് 5-ാം ശമ്പള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ചുള്ള പെൻഷൻ വർദ്ധനവ് ഇതുവരെ നടപ്പാക്കിയിട്ടില്ലെന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇതിന്മേൽ സർക്കാർ അടിയന്തിരനടപടി സ്വീകരിക്കുമോ;

(ബി) സൈനിക് ബോർഡുകളിൽ, വിമുക്തഭട സംഘടനാപ്രതിനിധികളെ ഉൾപ്പെടുത്തുക, വിമുക്തഭട കോർപ്പറേഷൻ രൂപീകരിക്കുക തുടങ്ങി വിവിധ ആവശ്യങ്ങൾ ഉന്നയിച്ച കേരളാ സ്റ്റേറ്റ് എക്സ് സർവീസ് ലീഗിന്റെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഇതിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത്.

(ബി) ഉണ്ട്. നിലവിലുള്ള രാജ്യ-ജില്ലാസൈനിക ബോർഡുകളിൽ ആർമി, നേവി, എയർഫോഴ്സ് എന്നീ വിഭാഗങ്ങളിലെ വിമുക്തഭട പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന വിമുക്ത ഭട വികസന പുനരധിവാസ കോർപ്പറേഷൻ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

40(45) കഴക്കൂട്ടം സൈനിക സ്കൂൾ വാർഷിക ഫീസ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly